**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5921 — 19.11.2019-ലെ മറുപടിയ്ക്ക്

**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അനിൽ അക്കര** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | 2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ടി കായികയിനങ്ങളിൽ ഷൂട്ടിംഗും ആർച്ചറിയും ഒഴികെയുള്ള ബാക്കിയുള്ള 9 കായികയിനങ്ങളിലും നിലവിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്.<br>ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും, ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ മത്സരങ്ങളിൽ പ്രത്യേക പരിശീലനം നൽകിയെന്ന് വ്യക്തമാക്കാമോ; ഇതിനായി അന്തർദേശീയ നിലവാരത്തിലുള്ള പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | ഓരോ മത്സരങ്ങൾക്കും അതത് കായിക ഇനങ്ങൾക്ക് വേണ്ടവിധം വിദഗ്ദ്ധ പരിശീലനം നൽകുന്നതോടൊപ്പം ബാഡ്മിന്റൺ, ഫെൻസിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങൾക്ക് ഇന്ത്യയിൽ ലഭ്യമാക്കാവുന്ന ഏറ്റവും നല്ല പരിശീലകരുടെ കീഴിൽ വിദഗ്ദ്ധ പരിശീലനവും നൽകി വരുന്നു. |
| (സി) | കായിക താരങ്ങൾക്ക് ഈ പരിശീലനത്തിന്റെ ഭാഗമായി നൽകുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (സി) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൻ കീഴിലുള്ള കായിക താരങ്ങൾക്ക് ആവശ്യമായ പരിശീലന കേന്ദ്രം, വിദഗ്ദ്ധരായ പരിശീലകർ, സ്പോർട്സ് കിറ്റ്, ബോർഡിംഗ്/ലോഡ്ജിംഗ്, വാഷിംഗ് അലവൻസ്, മെഡിക്കൽ തുടങ്ങിയ സൗകര്യങ്ങൾ നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**